**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7269 — 16 /07/2012 - ൽ മറുപടിക്ക്

**റേഷൻ ഭക്ഷ്യധാന്യ വിതരണത്തിലെ കുറവ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.തിലോത്തമൻ | | **ശ്രീ. അനൂപ് ജേക്കബ്.** (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് എ.പി.എൽ., ബി.പി. എൽ. കാർഡ് ഉടമകൾക്ക് നൽകി വരുന്ന റേഷൻ ഭക്ഷ്യധാന്യത്തിൽ കഴിഞ്ഞ കുറച്ചു മാസങ്ങളായി വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; ഇതിന്റെ കാരണം എന്താണെന്നു പറയുമോ; | (എ) | എ.പി.എൽ. വിഭാഗത്തിന് മുൻവർഷത്തേതു പോലെ തന്നെ അരിയും ഗോതമ്പും 2012-13 വർഷത്തിലും കേന്ദ്രസർക്കാർ ലഭ്യമാക്കിയിരുന്നുവെങ്കിലും എ.പി.എൽ. വിഭാഗത്തിൽ പെട്ട കാർഡുടമകളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്നതിനാൽ പ്രതി ശീർഷ ലഭ്യത കുറഞ്ഞു കൊണ്ടിരിക്കുകയാണ്. ബി.പി.എൽ. വിഭാഗത്തിനുള്ള 2012-13 വർഷത്തേക്കുള്ള അഡ്ഹോക് വിഹിതം 2012 ജൂലൈ മാസത്തിലാണ് കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായത് ആയതിനാൽ ബി.പി.എൽ. വിഭാഗത്തിനുള്ള ഗോതമ്പിന്റെ വിതരണത്തോത് 2012 ജൂൺ മാസത്തിൽ 07 കിലോഗ്രാമിൽ നിന്നും 05 കിലോഗ്രാമായി കുറയ്ക്കുകയുണ്ടായി. 2012 ജൂലൈ മുതൽ ബി.പി.എൽ. കാർഡുടമകൾക്ക് 08 കിലോഗ്രാം ഗോതമ്പ് വിതരണം ചെയ്തു വരുന്നു |
| ബി) കേന്ദ്ര സർക്കാരിന്റെ വ്യവസ്ഥ പ്രകാരം ബി.പി.എൽ കാർഡ് ഉടമകൾക്കും എ.പി.എൽ. കാർഡ് ഉടമകൾക്കും എത്ര കിലോ വീതം ഭക്ഷ്യധാന്യങ്ങളാണ് നൽകേണ്ടതെന്ന് പറയുമോ; | (ബി) | കേന്ദ്രസർക്കാരിന്റെ വ്യവസ്ഥപ്രകാരം ബി.പി. എൽ. കാർഡുടമകൾക്ക് 35 കിലോഗ്രാം ഭക്ഷ്യധാന്യങ്ങളാണ് വിതരണം ചെയ്യേണ്ടത്. എ.പി. എൽ. വിഭാഗത്തിന് പരമാവധി 35 കിലോഗ്രാം ഭക്ഷ്യധാന്യത്തിന് അർഹതയുണ്ട് |

| | | | |
|---|---|---|---|
| സി) | വ്യവസ്ഥയ്ക്കു വിരുദ്ധമായി ഇപ്പോൾ നടത്തിയിട്ടുള്ള വെട്ടിക്കുറവ് പരിഹരിക്കുവാനും കാർഡ്ഉടമകൾക്ക് പൂർണ്ണമായ അളവിൽ ഭക്ഷ്യധാന്യം നൽകാനും സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്നു പറയുമോ; | (സി) | ബി.പി.എൽ., കാർഡുടമകൾക്കു സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രതിമാസ വിഹിതമായ 25 കിലോഗ്രാം അരി വീതം വിതരണം ചെയ്തു വരുന്നുണ്ട്. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട കാർഡുടമകളുടെ എണ്ണം അനുദിനം ക്രമാനുഗതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പ്രതിശീർഷ ലഭ്യത കുറയുന്നതുമൂലവും ചില മാസങ്ങളിൽ പ്രതിമാസ വിഹിതം നിജപ്പെടുത്താറുണ്ട്. 2012-13 വർഷത്തിൽ എല്ലാ എ.പി.എൽ., ബി.പി.എൽ. കാർഡുടമകൾക്കും പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യധാന്യ വിതരണത്തിനാവശ്യമായ വിഹിതം അനുവദിക്കാനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| ഡി) | സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടന്ന് നശിക്കുമ്പോഴാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങളുടെ റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | എഫ്.സി.ഐ. ഗോഡൗണുകളിൽ ഭക്ഷ്യ ധാന്യങ്ങൾ കെട്ടിക്കിടന്ന് നശിക്കുന്നില്ല എന്ന് എഫ്.സി.ഐ. ജനറൽ മാനേജർ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളിലെ സ്റ്റോക്കിന്റെ അടിസ്ഥാനത്തിലല്ല റേഷൻ സാധനങ്ങൾ സംസ്ഥാനം വിട്ടെടുക്കുന്നത്. കേന്ദ്രസർക്കാർ ഓരോ വിഭാഗത്തിനും പ്രതിമാസം അനുവദിച്ചു നൽകുന്ന ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുക്കുക മാത്രമാണ് ചെയ്തു വരുന്നത്. സംസ്ഥാനം എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുക്കുന്ന സ്റ്റോക്കിനേക്കാൾ അധികം സ്റ്റോക്ക് എഫ്.സി.ഐ. ഗോഡൗണിൽ എത്തിച്ചേർന്നാൽ ആയത് ബഫർ സ്റ്റോക്കായി എഫ്.സി.ഐ. സൂക്ഷിക്കാറുണ്ട്. എന്നാൽ ഇപ്രകാരമുള്ള ബഫർ സ്റ്റോക്കിൽ നിന്ന് അനുവദിച്ചതിലും കൂടുതൽ അളവ് വിട്ടെടുത്ത് വിതരണം ചെയ്യാൻ സംസ്ഥാനത്തിന് കഴിയില്ല. |

സെക്ഷൻ ഓഫീസർ